**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1063** **29-06-2026-ൽ മറുപടിയ്ക്ക്**

**സ്കൂൾ ക്യാമ്പസിൽ നിന്ന് മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** വിദ്യാർഥികളുടെ സുരക്ഷ മുൻ നിർത്തി വനം വകുപ്പിന്റെ അനുമതിയോടെ വിദ്യാലയങ്ങളിൽ നിന്ന് മുറിച്ച് മാറ്റിയ വൃക്ഷങ്ങളുടെ ഭാഗങ്ങൾ നിലവിൽ ഏതെങ്കിലും വിദ്യാലയത്തിൽ അവശേഷിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;ഉണ്ടെങ്കിൽ അവ അടിയന്തരമായി നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** ആലപ്പുഴ, ഇടുക്കി, കൊല്ലം, കോട്ടയം, കോഴിക്കോട്, പാലക്കാട്, പത്തനംതിട്ട, കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലെ വിവിധ സ്കൂളുകളിൽ മുറിച്ചു മാറ്റപ്പെട്ട വൃക്ഷങ്ങളുടെ ഭാഗങ്ങൾ അവശേഷിക്കുന്നുണ്ട്. ഇപ്രകാരം മുറിച്ചുമാറ്റപ്പെട്ട വൃക്ഷങ്ങളുടെ ഭാഗങ്ങൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** ഇത്തരത്തിൽ മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾ വിദ്യാലയങ്ങളിൽ നിന്നും നിശ്ചിത കാലയളവിനുള്ളിൽ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

**മറുപടി:** നിശ്ചിത കാലയളവിനുള്ളിൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** സ്കൂൾ ക്യാമ്പസിൽ നിന്ന് മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിന് സ്ഥാപന മേലധികാരിയെ ചുമതലപ്പെടുത്തുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം സ്കൂൾ ക്യാമ്പസിൽ നിന്ന് മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള അധികാരം അതാത് സ്കൂൾ പ്രധാനാധ്യാപകരിൽ നിക്ഷിപ്തവും ആയതിനു തടസ്സമില്ലാത്തതുമാണ്.

**സെക്ഷൻ ഓഫീസർ**